കേരള കാർഷിക സർവ്വകലാശാല
വിജ്ഞാനവ്യാപന ഡയറക്ടറേറ്റ്



# ഫാം ബിസിനസ്സ് സ്കൂൾ

## കാർഷിക സംരംഭകത്വ പാഠശാല

- സംരംഭകത്വത്തിന്റെ ആസൂത്രണം
- നിർവ്വഹണം
- വിപണന തന്ത്രങ്ങൾ
- സാങ്കേതിക വിദ്യ

കൃഷി അനുബന്ധ മേഖലകളിലെ തൊഴിൽ സംരംഭകർക്കുള്ള പ്രത്യേക പരിശീലന പരിപാടി

- സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
- കമ്മ്യൂണിക്കേഷൻ സെന്റർ
- ATIC
- കോ-ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റ് കോളേജ്
- ഹോർട്ടിക്കൾച്ചർ കോളേജ്

വിജ്ഞാനവ്യാപന ഡയറക്ടറേറ്റ്
കേരള കാർഷിക സർവ്വകലാശാല

# കൃഷി എന്ന സംരംഭം

കൃഷി ലാഭകരമായ ഒരു സംരംഭമായി എങ്ങനെ നടത്താം? വിപണിയുടെയും ഉപഭോക്താവിന്റേയും ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ബുദ്ധിപൂർവ്വം ഉത്പാദനവും സംസ്കരണവുമൊക്കെ നടത്താനാവുമോ? അതിന് ഉത്പാദനരീതികൾ മാത്രം അറിഞ്ഞാൽ പോരല്ലോ. ബിസിനസ്സിന്റെയും സംരംഭകത്വത്തിന്റെയും പ്രാഥമിക പാഠങ്ങളെങ്കിലും അറിഞ്ഞിരിക്കേണ്ടേ? ഈ പ്രാഥമിക പാഠങ്ങൾ പഠിക്കാനുള്ള വേദിയാണ് കേരള കാർഷിക സർവ്വകലാശാലയുടെ **ഫാം ബിസിനസ്സ് സ്കൂൾ.**



# ഉത്പാദനവും ഉപഭോക്താവും



ഉത്പാദനം മുതൽ വിപണനംവരെ ഗുണനിലവാരം ഉറപ്പുവരുത്തിയാലേ ഉപഭോക്താവിനും തൃപ്തിയാവൂ. ഓരോ ഘട്ടത്തിലും ഗുണനിലവാരം പാലിക്കണമെന്നർത്ഥം. മാത്രമല്ല, ഉപഭോക്താവിന്റെ അഭിരുചികൾക്കനുസരിച്ച് ഉത്പന്നങ്ങൾ നൽകാനും കഴിയണം. മാത്രമോ? വിപണനത്തിലും ശ്രദ്ധയോടെ ഇടപെടണം. എങ്ങനെയാണ് വിപണനം നടത്തുക? വിപണനത്തിന്റെ തന്ത്രങ്ങൾ അറിയാതെ കർഷകനു മുന്നോട്ടുപോകാൻ കഴിയുമോ? ഫാം ബിസിനസ്സ് സ്കൂൾ ഈ മേഖലകളെക്കുറിച്ചുള്ള സാമാന്യജ്ഞാനം പകർന്നു നൽകും.

# ചെറുകിട ഉത്പാദകരുടെ പ്രശ്നങ്ങൾ

ചെറുകിട കർഷകർക്കും സംരംഭകർക്കും നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ചെറുകിട യൂണിറ്റുകൾ ഉത്പാദനക്ഷമ മല്ലെന്നാണ് പൊതുവെ പറയപ്പെടുന്നത്. അവയെങ്ങനെ ഉത്പാ ദനക്ഷമവും ലാഭകരവുമാക്കാൻ പറ്റും? അതിന് ആധുനികമായ മാനേജ്മെന്റ് സങ്കേതങ്ങൾ ഉപയോഗിക്കാൻ കഴിയുമോ? ഫാം ബിസിനസ്സ് സ്കൂൾ ഈ പുതിയ സങ്കേതങ്ങൾ പരിചയ പ്പെടുത്തും.




# വരുമാനം വർദ്ധിപ്പിക്കാനുള്ള വഴികൾ

വൈവിധ്യമുള്ള ഉൽപ്പന്നങ്ങൾ തയ്യാറാ ക്കാൻ കഴിഞ്ഞാൽ സുസ്ഥിരമായി വരു മാനം നിലനിർത്താൻ കഴിയും. വർഷം മുഴുവൻ ഉപഭോക്താക്കളുടെ ആവശ്യ ങ്ങൾ നിറവേറ്റാനും കഴിയണം. എങ്ങനെ യാണിതു ചെയ്യുക?

ഫാം ബിസിനസ്സ് സ്കൂൾ മൂല്യവർദ്ധന വിന്റെ സാധ്യതകൾ ചർച്ച ചെയ്യും.



# ഒഴുക്കിനെതിരെ നീന്തിയവരുടെ
# വിജയഗാഥകൾ


കൃഷി ലാഭകരമല്ലെന്നു പറയുമ്പോഴും ഈ രംഗത്ത് വിജയിക്കുന്ന വരുണ്ടല്ലോ. എന്താണ് അവരുടെ വിജയരഹസ്യം? എങ്ങനെയാണ് അവർ പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നത്? അവരുടെ കൃഷിരീതി കളും വിപണനതന്ത്രങ്ങളും എന്താണ്? എങ്ങനെയാണ് അവർ സംരം ഭങ്ങൾ ആസൂത്രണം ചെയ്യുന്നത്? എങ്ങനെയാണ് കണക്കുകൾ കൃത്യ മായി സൂക്ഷിക്കുന്നത്? ഈ അനുഭവപാഠങ്ങൾ നമുക്ക് വ്യക്തമായ ദിശാബോധം നൽകും.

വിജയം വരിച്ച സംരംഭക രുടെ അനുഭവങ്ങൾ ഫാം ബിസിനസ്സ് സ്കൂളിലൂടെ പഠിക്കാം.



# സംരംഭകർ നേരിടുന്ന
# പ്രതിബന്ധങ്ങൾ

എന്തൊക്കെ പ്രതിബന്ധങ്ങൾ നേരിട്ടാണ് സംരംഭകർ വിജയത്തിലേക്ക് അടിവച്ചടിവച്ച് നീങ്ങുന്നത്? നിരവധി നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലേ സംരം ഭങ്ങൾ തുടങ്ങാൻ കഴിയൂ. അവയൊക്കെ കൃത്യമായി നടന്നാൽ പകുതി വിജയം വരിച്ചുവെന്നുപറയാം. ഈ നടപടിക്രമങ്ങൾ അറിഞ്ഞാലേ സുഗമമായി സംരം ഭകത്വത്തിലേക്ക് കാലെ ടുത്തു വയ്ക്കാനും വിജയിക്കാനും കഴിയൂ. ഫാം ബിസിനസ്സ് സ്കൂൾ ഈ നടപടിക്രമങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.



# അനുമതികൾ അംഗീകാരങ്ങൾ





നിയമപരമായി ലഭിക്കേണ്ട ലൈസൻസുകളും മറ്റ് അനുമതികളും ലഭിച്ചാലേ സംരംഭങ്ങൾ തുടങ്ങാൻ കഴിയൂ. ഇവയെക്കുറിച്ചുള്ള സാമാന്യബോധം നേടാനും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഫാം ബിസിനസ്സ് സ്കൂൾ സഹായിക്കും.

# സംരംഭകത്വത്തിന് സാങ്കേതികവിദ്യകൾ

പുതിയ സാങ്കേതികവിദ്യകൾ കാർഷിക മേഖലയിലെ സംരംഭകത്വത്തിന് വേഗം പകരും. ലാഭകരമായി ഉപയോഗിക്കാവുന്ന പുതിയ സാങ്കേതികവിദ്യകൾ എന്തൊക്കെയാണെന്ന് അറിയേണ്ടേ? ഇത്തരം സാങ്കേതികവിദ്യകൾ സ്വായത്തമാക്കി സംരംഭങ്ങൾക്കായി ഉപയോഗിക്കാൻ കഴിഞ്ഞാൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനാകും.



കേരള കാർഷിക സർവ്വകലാശാലയും മറ്റ് അംഗീകൃത ഗവേഷണ കേന്ദ്രങ്ങളും വികസിപ്പിച്ച സംരംഭകത്വ സാധ്യതകളുള്ള സാങ്കേതികവിദ്യകൾ ഫാം ബിസിനസ്സ് സ്കൂളിലൂടെ പരിചയപ്പെടാൻ കഴിയും.

# ഫാം ബിസിനസ്സ് സ്കൂൾ

കാർഷിക മേഖലയിലെ സംരംഭകർക്ക് ദിശാബോധവും സാങ്കേതികവിദ്യകളെക്കുറിച്ച് പ്രാഥമിക ജ്ഞാനവും ബിസിനസ്സ് സങ്കേതങ്ങളെക്കുറിച്ച് അവബോധവും നൽകുന്ന പാഠശാലയാണ് ഫാം ബിസിനസ്സ് സ്കൂൾ.




പുതിയ ആശയങ്ങൾ വികസിപ്പിക്കാനും പ്രോജക്ടുകൾ തയ്യാറാക്കാനും മനുഷ്യവിഭവങ്ങളും ധനസ്രോതസ്സുകളും പ്രയോജനപ്പെടുത്താനും കണക്കുകൾ പരിപാലിക്കാനും വാണിജ്യ തന്ത്രങ്ങൾ പരിചയപ്പെടാനും ഫാം ബിസിനസ്സ് സ്കൂളിൽ പഠിക്കാം.

## എങ്ങനെ ഫാം ബിസിനസ്സ് സ്കൂളിൽ പങ്കെടുക്കാം...

സർവ്വകലാശാലയുടെ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന അപേക്ഷാഫോറം പൂരിപ്പിച്ച് നേരിട്ടോ ഇമെയിൽ വഴിയോ അപേക്ഷിക്കാം. അപേക്ഷകന് വേണ്ട കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഹയർസെക്കണ്ടറിയാണ്. നിർദ്ദേശിച്ചിരിക്കുന്ന കോഴ്സ് ഫീ ഓൺലൈനായി അടയ്ക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന യോഗ്യതയുള്ള 20 പേരടങ്ങുന്ന ബാച്ചുകളായിട്ടായിരിക്കും പരിശീലനം. ഒരു മാസം ഒരു ബാച്ചിനാണ് പരിശീലനം നൽകുക. വിവിധ മേഖലകളിലെ സംരംഭകത്വ പരിശീലനത്തിന് വിദഗ്ദ്ധരുടെ സേവനം ലഭിക്കും.



**ഫീസ്** : **5000 രൂപ**

**കോഴ്സ് ദൈർഘ്യം** : **8 ദിവസം**

(കോവിഡിന്റെ പശ്ചാത്തലത്തിൽ ഗൂഗിൾ മീറ്റ് വഴി 6 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് സംഘടിപ്പിക്കുന്നത്)

**2-ാമത്തെ ബാച്ച്** : **2021 മാർച്ച് 15-20 ഓൺലൈൻ ക്ലാസ്സ്**
**23-24 പ്രാക്ടിക്കൽ ക്ലാസ്സ്**

**സമയം** : **10 a.m. to 4 p.m.**

2 ദിവസത്തെ പ്രാക്ടിക്കൽ ക്ലാസ്സുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽവച്ച് നടത്തുന്നതാണ്.

### അപേക്ഷിക്കേണ്ട വിലാസം :

പ്രൊഫസർ & ഹെഡ്,
സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,
മണ്ണുത്തി, തൃശൂർ - 680 651
ഇ-മെയിൽ : cti@kau.in

### ഫീസ് ഓൺലൈൻ ആയി അടക്കേണ്ട അക്കൗണ്ട്

Professor of Extension
Central Training Institute,
KAU, Mannuthy
Account No. 67338972090
SBI Ollukkara Branch
IFS Code: SBIN0070210

# തുടർ പ്രവർത്തനങ്ങൾ...

ഫാം ബിസിനസ്സ് സ്കൂളിൽ പരിശീലനം ലഭിക്കുന്ന സംരംഭകർക്ക് കാർഷിക സർവ്വകലാശാലയുടെ വിവിധ സാങ്കേതികവിദ്യകൾ പരിചയപ്പെടാൻ കഴിയുമെന്ന് പറഞ്ഞുവല്ലോ. അവയിൽനിന്ന് സംരംഭകത്വ സാധ്യതകളുള്ള സാങ്കേതികവിദ്യകൾ കാർഷിക സർവ്വകലാശാലയിൽനിന്നും വാങ്ങാനുള്ള സൗകര്യവുമുണ്ട്. സംരംഭകത്വ വികസന പ്രോജക്ടുകൾ തയ്യാറാക്കാനും വിദഗ്ദ്ധ സഹായം തേടാവുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ തുടർ പരിശീലന പരിപാടികളിൽ പങ്കെടുക്കാനും അവസരം ലഭിക്കും.



KAU Press, Mannuthy

## ഫാം ബിസിനസ്സ് സ്കൂൾ

**കാർഷിക കേരളത്തിന്റെ വീണ്ടെടുപ്പിന്**
**സംരംഭകത്വ പരിശീലനത്തിന്റെ പുതിയ കാൽവയ്പ്പ്**

കൂടുതൽ വിവരങ്ങൾക്ക്...

**സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്**
**വിജ്ഞാനവ്യാപന ഡയറക്ടറേറ്റ്**
**കേരള കാർഷിക സർവ്വകലാശാല**
മണ്ണുത്തി, തൃശൂർ - 680 651
e-mail : cti@kau.in, de@kau.in
Ph : 0487 - 2371104